madhyamam.com

# സിനിമയിൽ കാണുന്നത് അല്ല ഐ.എ.എസ് ജീവിതം: ഡോ. ബി. അശോക്

Published on Wed, 12/19/2012 - 17:44 ( 17 hours 24 min ago)

കൊല്ലം: സിനിമയിൽ കാണുന്നത് അല്ല ഐ.ഐ.എസ് ജീവിതമെന്നും സർക്കാർ സേവനം സിനിമയിൽ നിന്നും ഏറെ വ്യത്യസ്തമാണെന്നും കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല വൈസ് ചാൻസിലർ ഡോ. ബി. അശോക് ഐ.എ.എസ് പറഞ്ഞു. ചില നേരത്തെ ബുദ്ധികൂർമ്മതയെക്കാൾ ഉപരി ഈ രംഗത്ത് സ്ഥിരമായ പരിശ്രമവും പ്രതിബദ്ധതയും കഠിനാദ്ധ്വാനവുമാണ് ആവശ്യമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അമൃത സർവകലാശാലയുടെ ഇ-ലേണിംഗ് വിഭാഗമായ അമൃത ഇ-ലേണിംഗ് റിസർച്ച് ലാബിന്റെഓൺലൈൻ ഗുരുകുൽ എന്ന പരിപാടിയിൽ എ-വ്യൂ ഉപയോഗിച്ച് ലൈവ് ആയി കോളേജ് വിദ്യാർത്ഥികളുമായി സംസാരിക്കുകയായിരുന്നു  അദ്ദേഹം.

നല്ലവണ്ണം എഴുതുവാനും സംസാരിക്കാനുമുള്ള കഴിവും പ്രായോഗിക നൈപുണ്യവപും ഐ എ എസുകാരന് വേണ്ട് പ്രധാന ഗുണങ്ങളാണ്. 1980 വരെ ഏറ്റവും കൂടുതൽ ഐ.എ.എസുകാർ വലിയ നഗരങ്ങളിൽ നിന്നും ആയിരുന്നു, പക്ഷേ ഇന്ന് ചെറിയ നഗരങ്ങളും ഗ്രാമങ്ങളും ആണ് കൂടുതൽ ഐ.എ.എസുകാരെ സൃഷടിക്കുന്നത് -ബി. അശോക് ഐ.എ.എസ് പറഞ്ഞു.

പഠിക്കാൻ മിടുക്കരായ കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടി അമൃത സർവകലാശാല തുടങ്ങിയ സൗജന്യ ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയാണ് ഓൺലൈൻ ഗുരുകുല്.

**എന്താണ് എ-വ്യൂ?**

ലോകത്തിന്റെഏത് ഭാഗത്തുനിന്നും വിദ്യാർഥികളെ പഠിപ്പിക്കാൻ ആദ്ധ്യാപകനെ സഹായിക്കുന്ന അത്യാധുനിക ഇ-ലേണിംഗ് സോഫ്റ്റ്‌വെയർ ആണ് എ-വ്യൂ. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഇപ്പോൾ എ-വ്യൂ സൗജന്യമാണ്. ഏകദേശം 2000 ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ എ-വ്യൂ ഉപയോഗിക്കുന്നു ഉണ്ട്.

- അമൃത സർവകലാശാല
- അമൃത ഇ-ലേണിംഗ് റിസർച്ച് ലാബ്